2001-02-നു ശേഷം ഡഫിസിറ്റ് കുറഞ്ഞു വരുന്നതിനാൽ കൂടുതൽ നിയമനങ്ങൾക്കും ഇതിനും തമ്മിൽ ബന്ധമില്ലെന്നു കാണാവുന്നതാണ്.

മീറ്റർ റീഡർ തസ്തിക നികത്തുന്നത് സംബന്ധിച്ച്

4 [314] *ശ്രീ. വി. കെ. സി. മമ്മത് കോയ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ മീറ്റർ റീഡർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളത്; ഈ ഒഴിവുകളിൽ എത്ര പേർ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ട്;

(ബി) ഈ ഒഴിവുകൾ പൂർണ്ണമായും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുകൾ പൂർണ്ണമായും നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കാമോ;

(സി) നിയമനം സംബന്ധിച്ച് എന്തെങ്കിലും കേസുകൾ ബഹു. ഹൈക്കോടതി മുമ്പാകെയുണ്ടോ; ഇതിൽ എന്തെങ്കിലും നിർദ്ദേശം കോടതി നൽകിയിട്ടുണ്ടോ; ആയത് നടപ്പിലാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിൽ മീറ്റർ റീഡർ തസ്തികയിൽ നിലവിൽ 761 ഒഴിവുകളുണ്ട്. താൽക്കാലിക നിയമനങ്ങൾ ഒന്നും നൽകിയിട്ടില്ല.

(ബി) പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകളിൽ 281 എണ്ണം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകൾ റിപ്പോർട്ടു ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും മീറ്റർ റീഡർ തസ്തികയിലേക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ W. P. (C) No. 26369/04, W. P. 6104/2005 തുടങ്ങിയ കേസുകൾ നിലവിലുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി I. A. No. 2499/2005, W. P. (C) 26369/04, 8-6-2005-ലെ ഉത്തരവ് അനുസരിച്ച് മീറ്റർ റീഡർമാരുടെ 480 ഒഴിവുകൾ ഒരു മാസത്തിനകം പി.എസ്.സി. യെ അറിയിക്കുവാൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ബോർഡിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly